(ഡി) ജനകീയാസൂത്രണത്തിലെ ഓരോ പ്രോജക്റ്റിലും അതതുപ്രോജക്ടിന്റെ നിർവ്വഹണ പുരോഗതി മോണിറ്റർ ചെയ്യാനുള്ള സംവിധാനത്തെകുറിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ഓരോ വിഷയത്തിലേയ്ക്കും കർമ്മ സമിതികൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നു.

(ഇ) ഇപ്പോൾ തന്നെ അതിനുള്ള സംവിധാനം നിലവിലുണ്ട്.

14 (*130) കാലവർഷംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ

ശ്രീമതി രാധാരാഘവൻ :

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷക്കാലത്ത് മഴയും വെള്ളപ്പൊക്കവും മൂലം എന്തെല്ലാം നാശനഷ്ടങ്ങൾ ഉണ്ടായി;

(ബി) ആകെ എന്ത് തുകയ്ക്കുള്ള നാശനഷ്ടങ്ങൾ ഉണ്ടായി; എത്ര പേർ മരിച്ചു; എത്ര പേർക്ക് പരിക്കേറ്റു;

(സി) മരിച്ചവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും എന്തെല്ലാം സഹായം നൽകി;

(ഡി) കൃഷിക്കു നാശനഷ്ടം സംഭവിച്ചവർക്ക് ഒട്ടാകെ എന്ത് തുക നഷ്ടപരിഹാരമായി നൽകി?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ)&(ബി) കാലവർഷക്കെടുതികൾ മൂലം 151 പേർക്ക് ജീവഹാനി സംഭവിച്ചു. 163 പേർക്ക് പരിക്കേറ്റു, 1846 വീടുകൾ പൂർണ്ണമായും 21170 വീടുകൾ ഭാഗികമായും നശിച്ചു. കൃഷിനാശം മൂലമുള്ള നഷ്ടം 28.35 കോടി രൂപയുടേതെന്നു കണക്കാക്കുന്നു. വിവിധ മേഖലകളിലായി ആകെ 86.24 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(സി) 21-10-1999-ന് അവസാനിച്ച തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ മരണമടഞ്ഞ മുതിർന്ന ആളിന്റെ കുടുംബത്തിന് പ്രത്യേക ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള 30,000/- രൂപ വീതം നൽകിയിട്ടുണ്ട്. കുട്ടികളുടെ കുടുംബത്തിന് 10,000/- രൂപ വീതവും നൽകിയിട്ടുണ്ട്. 22-10-1999-ന് ആരംഭിച്ച് വടക്കു കിഴക്കൻ കാലവർഷത്തിൽ മരണമടഞ്ഞ മുതിർന്നവരുടെ കുടുംബത്തിനും വ്യവസ്ഥ പ്രകാരം 30,000/- രൂപ നൽകുവാനും ഉത്തരവായിട്ടുണ്ട്. പരിക്ക് പറ്റിയവർക്ക് സർക്കാർ ആശുപത്രിയിൽ ചികിത്സ ലഭ്യമല്ലെങ്കിൽ പരമാവധി 1,500/- രൂപ വരെയും ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) ആകെ 330 ലക്ഷം രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 112.54 ലക്ഷം രൂപ ധനസഹായമായി നൽകിക്കഴിഞ്ഞു.

15 (*131) കയറുൽപ്പന്നങ്ങളുടെ തറവില

ശ്രീ. ജി. കാർത്തികേയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിൽ കയറ്റുമതി ഉല്പന്നങ്ങൾക്ക് തറവില നിശ്ചയിച്ചതെന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിനുശേഷം കയറിന്റേയും കയർ ഉല്പന്നങ്ങളുടെയും കയറ്റുമതിയിൽ കുറവ് വന്നിട്ടുണ്ടോ;

(സി) കയർ വ്യവസായത്തിലെ കയറ്റുമതിക്ക് നിർണ്ണയിച്ചിട്ടുള്ള തറവില എടുത്ത് കളയുന്നത് സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) 1-10-1966-ൽ.

(ബി) കയർ യാണിന്റെ കയറ്റുമതിയിൽ കുറവുണ്ടായിട്ടുണ്ട്. കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) എം.ഇ.പി. നീക്കം ചെയ്യുകയോ നിലവിലുള്ള നിരക്കിൽ കുറവു വരുത്തുകയോ ചെയ്താൽ താഴെ സൂചിപ്പിക്കുന്ന പ്രതിസന്ധികൾ ഉണ്ടാകുന്നതാണ്.

1. കയറ്റുമതിക്കാർക്കിടയിൽ അനാരോഗ്യകരമായ മത്സരം സൃഷ്ടിക്കുന്നതിനും കയറുൽപ്പന്നങ്ങളുടെ ഗുണനിലവാരം ഇടിയുന്നതിനും നിലവിലുള്ള വിദേശവിപണിയിൽ കാര്യമായ കുറവു സംഭവിക്കുന്നതിനും വഴി തെളിയും.

2. എം.ഇ.പി. പർച്ചേയ്സ് പ്രൈസ് എൻഹോഴ്സ്മെന്റ് സ്കീം എന്നിവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഈ രണ്ടു സ്കീമുകളുടെയും പ്രവർത്തനത്തിലുള്ള പരസ്പര ബന്ധം തൊഴിലാളികൾക്ക് ന്യായമായ കൂലിയും ചെറുകിട ഉല്പാദകരുടെ ഉൽപ്പന്നങ്ങൾക്ക് മിതമായ വിലയും ലഭിക്കുന്നതിന് സഹായിക്കുന്നു. എം.ഇ.പി. നീക്കം ചെയ്യുകയോ നിലവിലുള്ള നിരക്ക് കുറയ്ക്കുകയോ ചെയ്താൽ പർച്ചേയ്സ് പ്രൈസ് എൻഹോഴ്സ്മെന്റ് സ്കീമിനെ പ്രതികൂലമായി ബാധിക്കും. തൊഴിലാളികളെയും ചെറുകിട ഉല്പാദകരെയും ചൂഷണം ചെയ്യുന്നതിന് അത് ഇടയാകും.

3. രാജ്യത്ത് വളർന്നുകൊണ്ടിരിക്കുന്ന വിദേശനാണ്യത്തിൽ ഗണ്യമായ കുറവ് എം.ഇ.പി. നീക്കം ചെയ്താൽ ഉണ്ടാകും.

4. കേരളത്തിൽ കയർ വ്യവസായ മേഖലയിൽ കയർ തൊഴിലാളികളും ചെറുകിട ഉല്പാദകരും വൻകിട ഉല്പാദകരും കയറ്റുമതിക്കാരും പരസ്പരം നിലനിർത്തിപ്പോകുന്ന സൗഹാർദ്ദപരമായ അന്തരീക്ഷം ശിഥിലമാകുന്നതിന് വഴി തെളിക്കും.

16 (*132) ടെക്സ്റ്റയിൽ മില്ലുകളുടെ പുനരുദ്ധാരണം

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. രാജു :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എം. നാരായണൻ (പേരാമ്പ്ര) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്സ്റ്റയിൽ മില്ലുകൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly